നിർദ്ദേശമുണ്ടായിരുന്നെങ്കിലും ഫിനാൻസ് ബില്ലിൽ ഇതിനുള്ള വ്യവസ്ഥ കൊണ്ടു വന്നിട്ടില്ല.

(സി) ബാധകമല്ല.

കോട്ടൺ തുണികളുടെ വിൽപ്പന നികുതി

136 (5841) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറ്റുമതി ചെയ്യുന്ന കോട്ടൺ തുണികളുടെയും കൈത്തറി ഉൽപ്പന്നങ്ങളുടെയും വിൽപ്പന നികുതി ഒഴിവാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ആവശ്യം അനുകൂലമായി പരിഗണിക്കാൻ സന്നദ്ധമാവുമോ ?

ഉത്തരം

(എ) കേരള മൂല്യവർദ്ധിത നികുതി നിയമത്തിന്റെ ഒന്നാം ഷെഡ്യൂളിലെ ക്രമനമ്പർ 51(2) പ്രകാരം കോട്ടൺ തുണികളും ക്രമനമ്പർ 23(എ) പ്രകാരം കൈത്തറി തുണികൾ, ബെഡ്ഷീറ്റ്, പില്ലോ കവർ എന്നിവയും നികുതി വിമുക്തമാണ്. എന്നാൽ കോട്ടൺ/കൈത്തറി തുണിത്തരങ്ങൾ (Garments) കൈത്തറി, പരുത്തി എന്നിവ കൊണ്ടു നിർമ്മിച്ച ചവിട്ടി, മാറ്റ്, പരവതാനികൾ എന്നിവയ്ക്ക് നാല് ശതമാനമാണ് നികുതിനിരക്ക്. ഇവ കൂടാതെ അന്യ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന ഏതൊരു വസ്തുവും കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം നികുതി നൽകേണ്ടതില്ല. (Zero rated) നികുതി പൂർണ്ണമായി ഒഴിവാക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

നികുതി നല്കുന്ന സ്വർണ്ണ വ്യാപാരശാലകൾ

137 (5842) ശ്രീ. യു. സി. രാമൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നികുതി നൽകുന്ന സ്വർണ്ണ വ്യാപാരശാലകൾ എത്ര വീതമുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം നൽകുമോ ;

(ബി) 2005-06 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ ഓരോ വർഷവും, നികുതി അടച്ച സ്വർണ്ണ വ്യാപാരശാലകളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(സി) 2009-10 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ സ്വർണ്ണ വില്പനയിൽ നിന്നുള്ള നികുതി വരുമാനം ലഭിച്ചത് ഏതു മാസത്തിലായിരുന്നു, എന്നും കൂടുതൽ വരുമാനം ലഭിച്ച ജില്ല ഏതാണെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2009-10 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് നികുതി നൽകിയ സ്വർണ്ണ വ്യാപാരശാലകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	സ്വർണ്ണ വ്യാപാര ശാലകളുടെ എണ്ണം
തിരുവനന്തപുരം	453
കൊല്ലം	339
പത്തനംതിട്ട	140
ആലപ്പുഴ	394
കോട്ടയം	293
ഇടുക്കി	134
എറണാകുളം	508
തൃശ്ശൂർ	599
പാലക്കാട്	336
മലപ്പുറം	670
കോഴിക്കോട്	568
വയനാട്	126
കണ്ണൂർ	361
കാസർഗോഡ്	125
ആകെ	5046

(ബി) 2005-06 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ ഓരോ വർഷവും നികുതി അടച്ച സ്വർണ്ണ വ്യാപാരശാലകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. *

(സി) 2009-10 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ സ്വർണ്ണ വില്പനയിൽ നിന്നുള്ള നികുതി വരുമാനം ലഭിച്ചത് ജനുവരി 2010 ആണ്. കൂടുതൽ വരുമാനം ലഭിച്ചത് എറണാകുളം ജില്ലയിൽ നിന്നാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്